"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എറണാകുളം, നെല്ലിമറ്റം സെന്റ് ജോസഫ്സ് സ്കൂളിലെ എൽ.ജി (പി.ടി) ഹിന്ദി ടീച്ചറായ ശ്രീമതി. സൈബി മാത്യൂ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 1686/2025 മേലുള്ള 23/01/2025 ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4693/2025/GEDN തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:-

1. ശ്രീമതി. സൈബി മാത്യൂ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 1686/2025 മേലുള്ള 23/01/2025 ലെ വിധിന്യായം.
2. കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24/03/2025 ലെ എഇഒകെഎംജി/174/2025-സി നമ്പർ കത്ത്.
3. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 28/03/2025 ലെ ഡിഇഒകെഎംജി/220/2025-ബി5 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/03/2025, 08/05/2025 തീയതികളിലെ ഡിജിഇ/651/2025-ഇ2 നമ്പർ കത്തുകൾ.
5. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01/04/2025 ലെ ഡിഡിഇഇകെഎം/1802/2025-ബി4 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം, നെല്ലിമറ്റം സെന്റ് ജോസഫ്സ് സ്കൂളിലെ എൽ.ജി (പി.ടി) ഹിന്ദി ടീച്ചറായ ശ്രീമതി. സൈബി മാത്യൂ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 1686/2025 മേലുള്ള പരാമർശം (1) വിധിന്യായത്തിൽ ബഹു. ഹൈക്കോടതി, ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് Ext.P16 റിവിഷൻ ഹർജി പരിഗണിക്കുവാനും, നാല് മാസത്തിനുള്ളിൽ നിയമപ്രകാരം ഉചിതമായ തീരുമാനം കൈകൊള്ളുവാനും നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെയും പ്രതിനിധിയെയും ബന്ധപ്പെട്ട മറ്റ് കക്ഷികളെയും 02/04/2025-ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) <u>നേരിൽ കേട്ട വേളയിൽ ഹർജിക്കാരി, മാനേജർ, ഹെഡ്മാസ്റ്റർ എന്നിവർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു.</u>

i) നെല്ലിമറ്റം സെന്റ് ജോസഫ്സ് സ്കൂൾ, കോതമംഗലം രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള ഒരു എയ്ഡഡ് സ്കൂളാണ്. കോതമംഗലം അസിസ്റ്റന്റ്

വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിൽ പ്രവർത്തിക്കുന്നു. 21/01/2003 മുതൽ 26/03/2003 വരെയുള്ള കാലയളവിൽ മേൽ മാനേജ്മെന്റിന് കീഴിലുള്ള പനംകുറ്റിയിലെ സെന്റ് ജോസഫ്സ് യു.പി.എസിൽ ലോവർ ഗ്രേഡ് പാർട്ട് ടൈം ഹിന്ദി പണ്ഡിറ്റായി ഹർജിക്കാരിയെ ആദ്യം നിയമിച്ചു. 23/11/2004 ലെ ഉത്തരവ് നമ്പർ E-5146/04/K പ്രകാരം അടിമാലി അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത നിയമനം അംഗീകരിച്ചു. തുടർന്ന് 31/03/2016-ന് വിരമിച്ച ശ്രീമതി ചിന്നമ്മ കെ.ഡി.യുടെ ഒഴിവിൽ, 15/06/2016 മുതൽ 01/08/2021 വരെ രണ്ടാറിലെ സെന്റ് മൈക്കൽ യു.പി.എസിൽ ലോവർ ഗ്രേഡ് ഹിന്ദി പണ്ഡിറ്റ് (പാർട്ട് ടൈം) അധ്യാപികയായി ഹർജിക്കാരിയെ നിയമിച്ചു. ഈ സ്കൂൾ മതിയായ വിദ്യാർത്ഥികളില്ലാത്ത ഒന്നാണ്. 15/06/2016 മുതൽ 31/03/2017 വരെയുള്ള കാലയളവിലേക്കുള്ള അവരുടെ നിയമനം 02/07/2022-ലെ ഉത്തരവ് നമ്പർ സി/25190/2022/കെ.ഡിസ് പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു. 01/06/2017 മുതൽ 31/03/2018 വരെയുള്ള അവരുടെ അതേ സ്കൂളിലെ തുടർന്നുള്ള നിയമനം കല്ലൂർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ 24/06/2022 ലെ C/25189/2022/K.Dis പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു. 01/06/2018 മുതൽ 31/03/2019 വരെയുള്ള അവരുടെ അതേ സ്കൂളിലെ തുടർന്നുള്ള നിയമനം കല്ലൂർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ 13/06/2022 ലെ ഉത്തരവ് നമ്പർ സി/25188/2022/കെ.ഡിസ് പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു. വീണ്ടും 12/06/2019 മുതൽ 31/03/2020 വരെയുള്ള അവരുടെ നിയമനം കല്ലൂർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തന്റെ 24/06/2022 ലെ ഉത്തരവ് നമ്പർ സി/25214/2022/ കെ.ഡിസ് പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു. തുടർന്ന്, കോർപ്പറേറ്റ് മാനേജരുടെ 02/08/2021 ലെ നിയമന ഉത്തരവ് നമ്പർ CS-93/2021 പ്രകാരം, നെല്ലിമറ്റം എസ്.ജെ യൂപിഎസിൽ 02/08/2021 മുതൽ റെഗുലർ റിട്ടയർമെൻ്റ് ഒഴിവിൽ എൽ.ജി. ഹിന്ദി പണ്ഡിറ്റ് (പാർട്ട് ടൈം) ആയി ഹർജിക്കാരിയെ നിയമിച്ചു. അവർ 01/06/2023 വരെ അവിടെ ജോലി ചെയ്തിട്ടുണ്ട്. 19/12/2023 ലെ ഉത്തരവ് നമ്പർ c/53975/2023 പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ നിയമനം നിരസിച്ചു. തുടർന്ന്, കോർപ്പറേറ്റ് മാനേജരുടെ 01/06/2023 ലെ നമ്പർ CEAK/P/T/89-23-24 ലെ നമ്പർ നിയമന ഉത്തരവ് പ്രകാരം 01/06/2023 FN മുതൽ ഫാത്തിമ മാതാ യൂപി സ്കൂളിൽ എൽജി ഹിന്ദി പണ്ഡിറ്റ് (ഫുൾ ടൈം) ആയി അപേക്ഷകനെ സ്ഥിരമായി നിയമിച്ചു. എന്നിരുന്നാലും, ഹർജിക്കാരി കെ-ടെറ്റ് പരീക്ഷ പാസാകാത്തതിനാൽ കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/09/2024 -ലെ ഉത്തരവ് നമ്പർ AEOKMG/1343/2024- C പ്രകാരം നിർദേശം നിരസിച്ചു. എൽ.ജി. ഹിന്ദി ടീച്ചർ (പാർട്ട് ടൈം) ആയി അവരെ നിയമിക്കാൻ അദ്ദേഹം കോർപ്പറേറ്റ് മാനേജരോട് നിർദേശിച്ചു. നെല്ലിമറ്റം എസ്.ജെ.യു.പി.എസിലേക്ക് എൽ.ജി. ഹിന്ദി (പി.ടി) അധ്യാപികയായി അവരുടെ ലീൻ മാറ്റിയ മാനേജരുടെ നടപടി അംഗീകരിക്കാൻ കഴിയില്ലെന്നു അദ്ദേഹം ഉത്തരവിട്ടു. വാസ്തവത്തിൽ, 31/12/2021 ലെ ഉത്തരവ് നമ്പർ c/78314/2021 പ്രകാരം കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഇതേ നിർദ്ദേശം നിരസിച്ചു. കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീലിൽ, 26/10/2022 ലെ ഉത്തരവ് നമ്പർ 85/197097/2022 പ്രകാരം ടി അപ്പീൽ പുതിയ തീർപ്പാക്കലിനായി കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശം പ്രകാരം, ഹർജിക്കാരൻ ഇപ്പോൾ നെല്ലിമറ്റം എസ്.ജെ.യു.പി.എസിൽ ദിവസ വേതന അടിസ്ഥാനത്തിൽ പാർട്ട് ടൈം ഹിന്ദി പണ്ഡിറ്റായി ജോലി ചെയ്യുന്നു. മാനേജ്മെന്റിന് കീഴിലുള്ള ഹർജിക്കാരിയെപോലുള്ള മറ്റ് ചില അധ്യാപകർ, കെ-ടെറ്റ് പരീക്ഷയിൽ നിന്ന് സ്ഥിരമായി

ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന്, കോർപ്പറേറ്റ് മാനേജർ 26-06-2024 തീയതിയിലെ CEAK/APT/REV-RA/24-25 കത്തിലൂടെ അറിയിച്ചു. ഇത് തീർപ്പുകൽപ്പിച്ചിട്ടില്ല.

ii) സെന്റ് മൈക്കൽ യു.പി.എസ്. രണ്ടാറും, ആവശ്യത്തിന് വിദ്യാർത്ഥികളില്ലാത്ത സ്കൂളുകളാണ്. അതിനാൽ 15/06/2016 മുതൽ 01/08/2021 വരെ ദിവസവേതന അടിസ്ഥാനത്തിൽ ഹർജിക്കാരന് ശമ്പളം നൽകി. 20/08/2019 ലെ സർക്കുലർ നമ്പർ ജെ3//80/2019/G.Edn പ്രകാരം നടപ്പിലാക്കിയ സിജി പി. ജോസ് vs. കേരള സംസ്ഥാനം എന്ന വിധിന്യായം അനുസരിച്ച് ശമ്പള സ്കെയിലിൽ ശമ്പളം ലഭിക്കാൻ അവർക്ക് അർഹതയുണ്ട്. 25/07/2012 തീയതിയിലെ G.O.(P) നമ്പർ.244/12/G.Edn പ്രകാരം സംസ്ഥാനത്ത് കെ-ടെറ്റ് അവതരിപ്പിച്ചതായി ബോധിപ്പിക്കുന്നു. 25/07/2012 ലെ G.O.(P).No.244/12/G.Edn ന്റെ ക്ലോസ് 2 പ്രകാരം, G.O തീയതിയിലെ റൂൾ 51 (A), റൂൾ 51 (B) അദ്ധ്യായം XIV A കെ.ഇ.ആർ പ്രകാരമുള്ള അവകാശവാദികളെ കെ-ടെറ്റ് നേടുന്നതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. ടെറ്റ് യോഗ്യതയിൽ നിന്ന് ഒഴിവാക്കപ്പെട്ട വ്യക്തികൾ പതിവ് ഒഴിവുകളിൽ സേവനമനുഷ്ഠിച്ചിരിക്കണമെന്ന് NCTE വിജ്ഞാപനത്തിൽ പരാമർശിച്ചിട്ടില്ല. അതിനാൽ, 25/07/2012 തീയതിയിലുള്ള G.O.(P) നമ്പർ 244/12/G.Edn ന്റെ ക്ലോസ് 2 ഹർജിക്കാരിക്ക് ബാധകമാണ്. തൽഫലമായി. ഹർജിക്കാരിയുടെ ആദ്യ നിയമന തീയതി 21/01/2003, അതായത് 2012 ന് മുമ്പ് ആയതിനാൽ അവർ കെ-ടെറ്റ് ൽ നിന്നും ഒഴിവാക്കപ്പെട്ട ഗ്രൂപ്പിന്റെ പരിധിയിൽ വരുന്നു. 15/06/2016 മുതൽ ഹർജിക്കാരിയെ നിയമിച്ച എൽ.ജി. ഹിന്ദി പണ്ഡിറ്റിന്റെ (പി.ടി) ഒഴിവ് ഒരു റഗുലർ പാർട്ട് ടൈം ഒഴിവാണെന്ന് കാണാൻ കഴിയും. അതിനാൽ 15/6/2016 മുതൽ തുടർച്ചയായ അംഗീകാരത്തിന് അവർക്ക് അർഹതയുണ്ട്, കൂടാതെ 20/08/2019 ലെ സർക്കുലർ നമ്പർ ജെ3/80/2019/GEDN നിർദേശിച്ചിരിക്കുന്നതുപോലെ എല്ലാ ശമ്പളാനുകൂല്യങ്ങളും ലഭിക്കാൻ അവർക്ക് അർഹതയുണ്ട്.

iii) ഹർജിക്കാരിയുടെ ഭർത്താവ് ഗുരുതരമായ കാൻസർ രോഗിയായതിനാൽ ഹർജിക്കാരി പ്രത്യേക പരിഗണനയും അർഹിക്കുന്നു. ജീവിതത്തിന്റെ രണ്ടറ്റവും നിറവേറ്റാൻ അവർക്ക് പ്രയാസമാണ്. അതിനാൽ കുടുംബത്തിന്റെ നിലനിൽപ്പിന് അവരുടെ ഇപ്പോഴത്തെ ജോലി അനിവാര്യമാണ്. മുകളിൽ പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത്, റൂൾ 3, അദ്ധ്യായം I KER പ്രകാരം ഒരു പ്രത്യേക പരിഗണന ഹർജിക്കാരിയുടെ ആവലാതിക്ക് നൽകാവുന്നതാണ്. ഈ സാഹചര്യത്തിൽ, ആശ്വാസം തേടി, ഹർജിക്കാരി 20/11/2024 ലെ റിവിഷൻ പെറ്റീഷൻ മുഖേന സർക്കാരിനെ സമീപിച്ചു. ഇത് തീർപ്പുകൽപ്പിച്ചിട്ടില്ല. ശേഷം ഹരജിക്കാരി ബഹു. ഹൈക്കോടതി മുമ്പാകെ റിട്ട് ഹർജി നം.1686/2025 ഫയൽ ചെയ്തു. മാനേജ്മെന്റിനു കീഴിൽ അധ്യാപികയായി മുൻപ് അംഗീകൃത സേവനം ഹർജിക്കാരിക്ക് ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും. അവരുടെ തുടർന്നുള്ള നിയമനങ്ങൾ P-4 മുതൽ P-7 വരെയുള്ള എക്സിബിറ്റ്സ് അനുസരിച്ച് ദിവസവേതനത്തിൽ മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. ഇത് വളരെ ഏകപക്ഷീയവും അങ്ങേയറ്റം നിയമവിരുദ്ധവുമാണ്. സ്വാഭാവിക നീതിയുടെ തത്വങ്ങളുടെയും ലംഘനമാണ്. 15/06/2016 മുതൽ ഹർജിക്കാരിക്ക് ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരം ലഭിച്ചു. കെ-ടെറ്റ് യോഗ്യതയുടെ അഭാവം കാരണം 01/06/2023 മുതൽ പതിവ് നിയമനത്തിനുള്ള അംഗീകാരം നിരസിച്ചു. 2012 ന് മുമ്പ് ഹർജിക്കാരിക്ക് അധ്യാപികയായി അംഗീകൃത സേവനം ലഭിച്ചതിനാൽ, ടെറ്റ് യോഗ്യത

നേടുന്നതിൽ നിന്ന് അവരെ ഒഴിവാക്കിയിട്ടുണ്ട്. ചട്ടം 51 A അദ്ധ്യായം XIV A കെ.ഇ.ആർ പ്രകാരം ഹർജിക്കാരിക്ക് മുൻഗണനാ അവകാശവാദം ലഭിച്ചതിനാൽ അവരുടെ പുനർനിയമനത്തിന്റെ അംഗീകാരത്തിനായി അധിക യോഗ്യതകൾ നേടണമെന്ന് നിർബന്ധിക്കുന്നത് നീതിയുക്തവും ഉചിതവുമല്ലെന്ന് ബോധിപ്പിക്കുന്നു. വിഷയത്തിന്റെ ഏത് വീക്ഷണകോണിലും ഹർജിക്കാരിയുടെ നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിക്കാൻ നിർദേശിക്കാവുന്നതാണ്.

iv) മേൽ സാഹചര്യത്തിൽ പരിതപിതയായ ഹർജിക്കാരിയുടെ ആവലാതി പരിഹരിക്കാൻ ചുവടെ ചേർത്തിരിക്കുന്ന ആശ്വാസ ഉത്തരവുകൾ പുറപ്പെടുവിക്കണമെന്നു ആദരപൂർവം അപേക്ഷിക്കുന്നു.

- എക്സിബിറ്റ്സ് P-8 (a), P-10 എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ വിളിച്ച് അവയുടെ ഒറിജിനൽ റദ്ദാക്കുക.
- 15/06/2016 മുതലുള്ള ഹർജിക്കാരിയുടെ നിയമനങ്ങൾക്ക് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളായതിനാൽ എക്സിബിറ്റ് P-12 അനുസരിച്ച് ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കാൻ അർഹതയുണ്ടെന്ന് പ്രഖ്യാപിക്കുക.
- 2012-ന് മുൻപ് ഹർജിക്കാരി സേവനമനുഷ്ഠിച്ചതിനാൽ, കെ-ടെറ്റ് യോഗ്യതകൾ നിർബന്ധിക്കാതെ, നിയമനങ്ങൾക്ക് ശമ്പള സ്കെയിലിൽ അംഗീകാരം നൽകാൻ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുക.
- 02/08/2021 മുതലുള്ള നിയമനങ്ങൾക്ക് ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കാൻ ആവശ്യമായ നിർദ്ദേശം വിദ്യാഭ്യാസ അധികാരികൾക്കു നല്കുക.
- പരിതപിതയായ ഹർജിക്കാരിയുടെ ആവലാതി പരിഹരിക്കാൻ ഭർത്താവ് ഒരു കടുത്ത അർബുദ രോഗിയാണ് എന്നതുകൂടി പരിഗണിച്ച് Rule 3 Chapter I KER പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷാധികാരം വിനിയോഗിച്ച് ഇതൊരു പ്രത്യേക കേസായി കണക്കാക്കി, 2012-ന് മുമ്പ് ഹർജിക്കാരി സേവനമനുഷ്ഠിച്ചതിനാൽ കെ-ടെറ്റ് യോഗ്യതകൾ നിർബന്ധിക്കാതെ, നിയമനങ്ങൾക്ക് ശമ്പള സ്കെയിലിൽ അംഗീകാരം നൽകാൻ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നു ആദരപൂർവം അപേക്ഷിക്കുന്നു. കെടെറ്റ് പാസാകുന്നതിൽ നിന്നും ഇളവ് അനുവദിക്കുന്നില്ലായെങ്കിൽ അടുത്ത കെടെറ്റ് പരീക്ഷ എഴുതുവാൻ ഒരു അവസരം നൽകി ഉത്തരവാകണം.

3) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് ചെയ്തു.</u>

i) കോതമംഗലം വിദ്യാഭ്യാസ ഉപജില്ലയിലെ നെല്ലിമറ്റം എസ്.ജെ. യു.പി. സ്കൂളിലെ ജൂനിയർ ഹിന്ദി പാർട്ട്ടൈം അദ്ധ്യാപികയായിരുന്ന ശ്രീമതി.ജെസി ജേക്കബ് കണ്ണാടൻ 31-03-2021 തീയതിൽ വിരമിച്ച ഒഴിവിലേക്ക്, 02/08/2021 തീയതി മുതൽ തുടർച്ചയായി മാനേജർ ശ്രീമതി. സൈബി മാത്യുവിനെ നിയമിച്ചു. ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടി ക്രമങ്ങൾ പൂർത്തിയാക്കാത്തത് കൊണ്ടും, ശ്രീമതി സൈബി മാത്യുവിന്റെ മുൻ സേവന കാലം (21/01/2003 മുതൽ 26/03/2003 വരെ), ഒരു പൂർണ്ണ അക്കാദമിക വർഷം സേവനം

ഇല്ലാത്തതിനാൽ, ചട്ടം 51 എ അവകാശിയല്ല, ശ്രീമതി സൈബി മാത്യുവിന് 50 വയസ്സ് പ്രായം ഉണ്ട് എന്നീ കാരണങ്ങൾ ചൂണ്ടിക്കാട്ടിയും കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/12/2021 തീയതിയിലെ സി/8314/2021 നടപടി ഉത്തരവ് പ്രകാരം ടി നിയമനം നിരസിച്ചു. ഇതിനെതിരെ മാനേജർ കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ ഇതേ കാരണങ്ങൾ ചൂണ്ടിക്കാട്ടി, കോതമംഗലം ജില്ല വിദ്യാഭ്യാസ ഓഫീസറും നിരസിച്ചു. 23/01/2023 ലെ സ.ഉ (പി) നം.2/2023/ പൊ. വി.വ ഉത്തരവിലെ ഖണ്ഡിക (6) പ്രകാരം ഉയർന്ന പ്രായപരിധിയിൽ ഇളവ് തേടി, പുതിയ നിയമനമായി സമർപ്പിക്കുന്നതായി സൂചിപ്പിച്ച് മാനേജർ നിയമന പ്രൊപ്പോസൽ പുനഃസമർപ്പിച്ചു. 18/01/2022 തിയതിയിലെ എസ്.സി2/165/2021/പൊ.വി.വ നമ്പർ സർക്കാർ കത്തിലെ ഖണ്ഡിക 2 ൽ, 17/06/2005 ന് മുൻപ് നിലനിന്നിരുന്നതും ഒരു അക്കാദമിക വർഷം തികച്ചില്ലാത്തതുമായ ജീവനക്കാർക്ക്, പ്രസ്തുത സേവനത്തിന്റെ അടിസ്ഥാനത്തിൽ പുനർ നിയമനത്തിന് അവകാശമുന്നയിക്കാൻ ആകില്ലെങ്കിൽ കൂടി, മാനേജർ ഒരു പുതിയ നിയമനമായി അവരെ നിയമിക്കുന്ന സാഹചര്യങ്ങളിൽ, 06/02/2021 തിയതിയിലെ സ.ഉ (അച്ചടി) നം. 04/2021/പൊ.വി.വ യുടെ ഖണ്ഡിക (7) ബാധകമാക്കി ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകാമെന്ന് പറയുന്നു. ശ്രീമതി. സൈബി മാത്യു 21/01/2003 മുതൽ 26/03/2003 വരെ ഇതേ മാനേജ്മെന്റിന് കീഴിൽ അംഗീകൃത സേവനമുള്ള വ്യക്തിയാണ്. ഒരു അക്കാദമിക വർഷം തികച്ചില്ലാത്ത ടി സേവന കാലയളവിന്റെ അടിസ്ഥാനത്തിൽ 51 എ അവകാശി ആയി കണക്കാക്കാൻ കഴിയില്ല എന്നിരുന്നാലും മാനേജർ പുതിയ നിയമനമായി പുനഃസമർപ്പിച്ചിരിക്കുന്നതിനാൽ ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകാമെന്ന് കാണുന്നു. എന്നാൽ 25/07/2012 ലെ സ.ഉ (പി) നം.244/2012/പൊ.വി.വ, 30/08/2016 ലെ സ.ഉ(പി) നം 145/2016/പൊ.വി.വ എന്നിവ പ്രകാരം കെ-ടെറ്റ് യോഗ്യത, അധ്യാപക നിയമനങ്ങൾക്കുള്ള നിർബന്ധിത യോഗ്യതയാക്കി നിശ്ചയിച്ച് ഉത്തരവായി. ശ്രീമതി.സൈബി മാത്യുവിന്റെ നിയമനം, 2021-22 വർഷം ആകയാലും, ടി വർഷത്തെ നിയമനങ്ങൾക്ക്, കെ-ടെറ്റ് നിർബന്ധിത യോഗ്യത ആയതിനാലും, ശ്രീമതി.സൈബി മാത്യു നിയമന തീയതിയിൽ, കെ-ടെറ്റ് യോഗ്യത നേടാത്ത അദ്ധ്യാപിക ആയതിനാലും, കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/12/2023 തീയതിയിലെ സി/530975/2023 നമ്പർ നടപടി ഉത്തരവ് പ്രകാരം ശ്രീമതി. സൈബി മാത്യുവിന്റെ, നെല്ലിമറ്റം എസ്.ജെ. യു.പി സ്കൂളിലെ എൽ.ജി ഹിന്ദി പാർട്ട് ടൈം തസ്തികയിലെ 02/08/2021 തീയതി മുതലുള്ള നിയമനം നിരസിക്കപ്പെട്ടു.

ii) നെല്ലിമറ്റം എസ്.ജെ. യു.പി സ്കൂളിലെ എൽ.ജി ഹിന്ദി പാർട്ട് ടൈം അദ്ധ്യാപിക തസ്തികയിലെ നിയമനാർത്ഥി ആയിരുന്ന ശ്രീമതി. സൈബി മാത്യുവിനെ 01/06/2023 മുതൽ മാനേജർ മാലിപ്പാറ എഫ്.എം.യു.പി സ്കൂളിലേക്ക് എൽ.ജി ഹിന്ദി ഫുൾ ടൈം അധ്യാപികയായി പ്രൊമോഷൻ നൽകി നിയമിച്ചു. ശ്രീമതി.സൈബി മാത്യുവിന്റെ നെല്ലിമറ്റം എസ്.ജെ.യു.പി സ്കൂളിലെ എൽ.ജി ഹിന്ദി പാർട്ട് ടൈം തസ്തികയിലെ നിയമനം അംഗീകരിക്കപ്പെട്ടില്ല. പ്രൊമോഷൻ നൽകിയ സീനിയർ അദ്ധ്യാപിക ശ്രീമതി.ജോയ്സി.റ്റി.ജോണിന്റെ മുതലക്കോടം എസ്.എച്ച്.ജി.എച്ച്. എസ് ലെ എച്ച്.എസ്.റ്റി ഹിന്ദി നിയമനം അംഗീകാരം ലഭിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ല. ശ്രീമതി സൈബി മാത്യു കെ-ടെറ്റ് യോഗ്യത നേടാത്ത അദ്ധ്യാപിക ആയതിനാലും, 01/06/2012 ന് ശേഷം നിയമനം നേടിയവരിൽ, (കെ-ടെറ്റ് ഇളവിന് അർഹതയില്ലാത്തവർക്ക്) ഉയർന്ന തസ്തികയിൽ ആവശ്യമായ കെ.ടെറ്റ് ഉൾപ്പെടെയുള്ള നിശ്ചിത യോഗ്യതകൾ ഇല്ലാത്തവർക്ക് പ്രൊമോഷൻ അനുവദിക്കേണ്ടതില്ല എന്ന 17/02/2023

ലെ സ.ഉ(കൈ) നം.15/2023/പൊ.വി.വ യിൽ നിർദ്ദേശം ഉള്ളതിനാലും, മാലിപ്പാറ എഫ്.എം.യു.പി സ്കൂളിലെ ശ്രീമതി. സൈബി മാതൃവിന്റെ പ്രൊമോഷൻ നിയമനം കോതമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/12/2023 തീയതിയിലെ സി/46140/2023 നമ്പർ നടപടി ഉത്തരവ് പ്രകാരം നിരസിച്ചു. മാലിപ്പാറ എഫ്.എം. യു.പി സ്കൂളിലെ എൽ.ജി. ഹിന്ദി (ഫുൾ ടൈം) തസ്തികയിലേക്കുള്ള സ്ഥാനകയറ്റ നിയമനം അംഗീകരിക്കാത്തതിനാൽ 01/06/2023 മുതലുള്ള, ഫുൾ ടൈം തസ്തികയിലേക്കുള്ള ടി പ്രൊമോഷൻ റദ്ദ ചെയ്തു കൊണ്ടും, ടിയാളെ മുൻ തസ്തികയായ നെല്ലിമറ്റം എസ്.ജെ. യൂ.പി. സ്കൂളിലെ എൽ.ജി. ഹിന്ദി (പാർട്ട് ടൈം) തസ്തികയിലേക്ക് 24/06/2024 പ്രാബല്യത്തിൽ സ്ഥലം മാറ്റിക്കൊണ്ടും, കോതമംഗലം രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി സെക്രട്ടറി 24/06/2024 തീയതിയിലെ CEAK/APT-REV/01/24-25 നമ്പർ നടപടി ഉത്തരവ് പുറപ്പെടുവിച്ചു. നിയമനം നിരസിച്ച് നൽകിയ ഉത്തരവിനെതിരെ മാനേജർ മേൽ കാര്യാലയങ്ങളിൽ അപ്പീൽ സമർപ്പിച്ചിട്ടില്ലാത്തതിനാലും, കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി, നിയമനം നിരസിച്ച് നൽകിയ വ്യക്തിയുടെ ലാവണം, അതേ തസ്തികയിലേക്ക് അഡ്ജസ്റ്റ് ചെയ്തതതായുള്ള മാനേജരുടെ നടപടി അംഗീകരിക്കാനാവില്ല എന്ന് ചൂണ്ടിക്കാട്ടി മാനേജറുടെ ലാവണ ക്രമീകരണ ഉത്തരവ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു.

iii) സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിൽ, കെ.ടെറ്റ് യോഗ്യതയില്ലാതെ അധ്യാപകരെ നിയമിക്കുന്നതോ സ്ഥാനകയറ്റം നൽകുന്നതോ ആയിട്ടുള്ള പ്രവണത നിയന്ത്രിക്കുന്നതിന്, 12/02/2025 ലെ ജെ.ആർ 1/587/2024/പൊ.വി.വ നമ്പർ സർക്കാർ കത്തിലെ നിർദ്ദേശം, പ്രകാരം, 21/03/2025 തീയതിയിലെ എച്ച്3/3407/2025/ഡി.ജി.ഇ നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. 12/02/2021 ലെ സ.ഉ(കൈ) നം 58/2021/പൊ.വി.വ പ്രകാരം 2019-2020 വരെയുള്ള നിയമിതർക്ക് കെ.ടെറ്റ് പരീക്ഷ പാസാകുന്നതിനു സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിലും, 2019-20 നു ശേഷം നിയമനം നടത്തുന്നതിന് അനുവദിച്ച തീയതിയായ 15/07/2021 മുതൽ കെ.ടെറ്റ് യോഗ്യത മാൻഡേറ്ററിയുമാണ്. കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അധ്യായം XIV A ചട്ടം 1 പ്രകാരം, മാനേജർ പൂർണ്ണ യോഗ്യത ഉള്ളവരെ മാത്രമേ അധ്യാപകരായി നിയമിക്കാവൂ എന്നിരിക്കെ യോഗ്യത ഇല്ലാത്തവരെ നിയമിക്കുകയും, കെ-ടെറ്റ് യോഗ്യത നേടുന്നതുവരെ നിയമനാംഗീകാരമില്ലാതെ ടി അധ്യാപകർ തുടരുകയും ചെയ്യുന്നത് യോഗ്യതയുള്ള അധ്യാപകരാൽ പഠിപ്പിക്കപ്പെടുവാനുള്ള കുട്ടികളുടെ അവകാശത്തെ ഹനിക്കുന്നതാകയാൽ, ചട്ടങ്ങൾക്കോ സർക്കാർ ഉത്തരവുകൾക്കോ വിരുദ്ധമായി യോഗ്യത ഇല്ലാത്ത അധ്യാപകരെ നിയമിക്കുന്ന മാനേജർമാരെ അയോഗ്യരാക്കുന്നതിനും ഇത്തരം അധ്യാപകരെ ഉടനടി സേവനത്തിൽ നിന്നും ഒഴിവാക്കുന്നതിനും അതത് വിദ്യാഭ്യാസ ആഫീസർമാർക്ക് മേൽ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. 17/02/2023 ലെ സ.ഉ(കൈ) നം.15/2023/പൊ.വി.വ പ്രകാരം, നിയമിതരിൽ കെ-ടെറ്റ് ഇളവിന് അർഹതയില്ലാത്തവർക്ക്, ഉയർന്ന തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കണമെങ്കിൽ കെ-ടെറ്റ് യോഗ്യത നിർബന്ധമാണ്. അതായത്, നിശ്ചിത വിഭാഗം കെ-ടെറ്റ് യോഗ്യതയില്ലാതെ സ്ഥാനകയറ്റം നൽകാനാവില്ല. വ്യക്തമായ സർക്കാർ ഉത്തരവ് ഉണ്ടായിട്ടും അത് ലംഘിച്ച് സ്ഥാനക്കയറ്റം നൽകുന്ന നടപടി സർക്കാർ ഉത്തരവിനും ചട്ടങ്ങൾക്കും വിരുദ്ധമാകയാൽ ഇത്തരം നിയമനങ്ങൾ സ്ഥാനക്കയറ്റം നൽകിയ തീയതി മുതൽ അംഗീകരിക്കാനാവില്ല. 01/06/2012 മുതലോ സ്ഥിരനിയമനത്തിൽ പ്രവേശിച്ച എയ്ഡഡ് സ്കൂൾ ജീവനക്കാരിൽ നിശ്ചിത കാറ്റഗറിയിലെ കെ-ടെറ്റ് ഉൾപ്പെടെയുള്ള

മതിയായ യോഗ്യത നേടിയവർക്കേ സ്ഥാനകയറ്റത്തിനു അർഹതയുള്ളൂ എന്ന് വ്യക്തതയും മേൽ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരിക്കുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ നിശ്ചിത കെ-ടെറ്റ് യോഗ്യത ഉള്ളവരെ മാത്രമേ 2019-20 ന് ശേഷം അധ്യാപക തസ്തികകളിൽ നിയമിക്കാവൂ എന്നതിനാൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി യോഗ്യത ഇല്ലാത്തവരെ മാനേജർമാർ നിയമിക്കുകയും അവർ സേവനത്തിൽ തുടരുകയും ചെയ്യുന്നുവെങ്കിൽ അത്തരം അധ്യാപകരെ ഉടനടി സേവനത്തിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാനും, നിയമനം നേടിയവരിൽ, നിശ്ചിത വിഭാഗം കെ-ടെറ്റ് യോഗ്യത ഉള്ളവരെ മാത്രമേ ഉയർന്ന തസ്തികയിൽ സ്ഥാനകയറ്റം നൽകി നിയമിക്കാവൂ എന്നും കർശന നിർദ്ദേശം മേൽ സർക്കുലറിൽ വീണ്ടും നൽകിയിരിക്കുന്നു. ചട്ട വിരുദ്ധമായും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായും യോഗ്യതയില്ലാത്ത അധ്യാപകരെ നിയമിക്കുന്നതോ സ്ഥാനകയറ്റം നൽകുന്നതോ ആയ മാനേജർമാർക്ക് അയോഗ്യത കല്പിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ സ്വീകരിക്കേണ്ടതുമാണ് എന്നാണ് മേൽ സർക്കുലറിലെ നിർദ്ദേശം.

iv) കോതമംഗലം രൂപത വിദ്യാഭ്യാസ എജൻസിയുടെ കീഴിൽ വരുന്ന മതിയായ എണ്ണം കട്ടികളില്ലാത്തതും, പുതുതായി ആരംഭിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ രണ്ടാർ എസ് എം യു പി സ്കൂളിൽ 15/06/2016 മുതൽ 31/03/2017 വരെയും, 01/06/2017 മുതൽ 31/03/2018 വരെയും, 01/06/2018 മുതൽ 31/03/2019 വരെയും, 12/06/2019 മുതൽ 31/03/2020 വരെയും, ജൂനിയർ ലാംഗ്വേജ് (ഹിന്ദി) പാർട്ട് ടൈം അധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിലുള്ള ശ്രീമതി സൈബി മാത്യുവിന്റെ നിയമനം കല്ലൂർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിലുള്ളതും, സേവനഭംഗം വന്നതുമായ പ്രസ്തുത സേവനം ചട്ടം 51 എ അവകാശത്തിന് പരിഗനാർഹാമല്ല. ശ്രീമതി സൈബി മാത്യുവിനെ ചട്ടം 51 എ അവകാശിയായി പരിഗണിക്കാൻ കഴിയില്ല എന്നതിനാൽ ടിയാൾക്ക് കെ ടെറ്റ് നേടുന്നതിൽ നിന്നുള്ള ഇളവിന് അർഹയല്ല. NCTE നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഇളവിനും പരാതിക്കാരി യോഗ്യയല്ല.

4) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, നിലവിലുള്ള ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചു. കോതമംഗലം രൂപത വിദ്യാഭ്യാസ എജൻസിയുടെ കീഴിൽ വരുന്ന മതിയായ എണ്ണം കട്ടികളില്ലാത്തതും, പുതുതായി ആരംഭിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നതുമായ രണ്ടാർ എസ് എം യു പി സ്കൂളിൽ 15/06/2016 മുതൽ 31/03/2017 വരെയും, 01/06/2017 മുതൽ 31/03/2018 വരെയും, 01/06/2018 മുതൽ 31/03/2019 വരെയും, 12/06/2019 മുതൽ 31/03/2020 വരെയും, ജൂനിയർ ലാംഗ്വേജ് (ഹിന്ദി) പാർട്ട് ടൈം അധ്യാപികയായി ദിവസവേതനാടിസ്ഥാനത്തിലുള്ള ശ്രീമതി സൈബി മാത്യുവിന്റെ നിയമനം കല്ലൂർക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുണ്ട്. ദിവസവേതനാടിസ്ഥാനത്തിലുള്ളതും, സേവനഭംഗം വന്നതുമായ പ്രസ്തുത സേവനം ചട്ടം 51 എ അവകാശത്തിന് പരിഗനാർഹാമല്ല. ശ്രീമതി. സൈബി മാത്യു 21/01/2003 മുതൽ 26/03/2003 വരെ ഇതേ മാനേജ്മെന്റിന് കീഴിൽ അംഗീകൃത സേവനമുള്ള വ്യക്തിയാണ്. 2005 ന് മുൻപുള്ള ഒരു വർഷത്തിന് താഴെയുള്ള സേവനം ചട്ടം 51 എ അവകാശം ആയി കണക്കാക്കാൻ നിലവിൽ വ്യവസ്ഥ ഇല്ല. എന്നാൽ അത്തരത്തിലുള്ളവർക്ക് മാനേജർ പുനർ നിയമനം നൽകിയാൽ

പ്രായപരിധിയിൽ ഇളവ് അനുവദിക്കാവുന്നതാണ് എന്ന് 06/02/2021-ലെ സ.ഉ (പി).4/2021/പൊ.വി.വ യിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ യോഗ്യതയിൽ ഇളവ് നൽകുന്നത് പരിഗണനയിലില്ലാത്തതിനാൽ Ext.P16 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് കൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോതമംഗലം
മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോതമംഗലം രൂപത, എറണാകുളം - 686691.
ഹെഡ് മാസ്റ്റർ, സെന്റ് ജോസഫ്സ് സ്കൂൾ, നെല്ലിമറ്റം, എറണാകുളം - 686693
ശ്രീമതി. സൈബി മാത്യു, എൽ.ജി (പി.ടി) ഹിന്ദി, സെന്റ് ജോസഫ്സ് സ്കൂൾ, നെല്ലിമറ്റം, എറണാകുളം - 686693
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം, അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 16-07-2025 17:33:48